## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.973 01.03.2017-ലെ മറുപടി

**കടിവെള്ള ക്ഷാമം നേരിടുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ് : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനം വരൾച്ച യിലേക്ക് നീങ്ങുന്നത് പരിഗണിച്ച് കടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | എ) കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വിവിധ നദികളിലെ ജലദൗർലഭ്യത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പ് വരുത്തുക.
2. ഇറിഗേഷൻ, വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ചു ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്തു പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
6. റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.
7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പു സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുന്നതിനും, കൂടുതൽ

പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

8. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

9. ജലശുദ്ധീകരണശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കും.

10. നിയമ വിരുദ്ധമായി ജലം ചോർത്തുന്നത് അനധികൃത ഉപയോഗവും മറ്റും കണ്ടു പിടിക്കുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

11. പ്രതിമാസം 50 കിലോ ലിറ്ററിനു മുകളിൽ ഉപഭോഗം കണക്കാക്കുന്ന പുതിയ കണക്ഷനുകൾ നൽകുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

12. നിലവിൽ കൂടുതലായി ജലം ഉപയോഗിക്കുന്ന വ്യാവസായിക വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

13. ജല ശുദ്ധീകരണശാലകളിൽ ബാക്ക് വാഷിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കഴിയുന്നത്ര നിയന്ത്രിക്കുന്നുണ്ട്.

14. വളരെ കാലമായി കേടായ വാട്ടർ മീറ്റർ മാറ്റി വയ്ക്കാത്ത ഉപഭോക്താക്കൾക്ക് കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം

വിളിച്ച് വരൾച്ച സംബന്ധിച്ച വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ തീരുമാനിച്ച കാര്യങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വീഡിയോ കോൺഫറൻസ് വഴി അവലോകനവും നടത്തിയിരുന്നു.

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(ആർ.റ്റി) നമ്പർ 318/2017/ഫിൻ തീയതി 13.01.2017 പ്രകാരം 1240.33 ലക്ഷം രൂപ രാജീവ് ഗാന്ധി പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഭൂജലവകുപ്പിന് അനുവദിച്ചിട്ടുണ്ട്. 5505 കൈപ്പമ്പുകളുടെ അറ്റകുറ്റ പണികളും, 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണ ത്തിനുമുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2163 കൈപ്പമ്പുകളുടെ അറ്റകുറ്റപണികളും 70 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരി ച്ചിട്ടുണ്ട്.

31.10.2016-ലെ 42830/കെ3/2016/ഡി. എം.ഡി നമ്പർ പരിപത്രം പ്രകാരം സംസ്ഥാനത്ത് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ ജല ഉപയോഗത്തിന്റെ മുൻഗണനാക്രമം, ജലം ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ട മുൻ കരുതലുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കു നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ജലവിതരണ നിയമം 2008 Sec 38 A(2), 46 (B), 52 (A), 61 (A) എന്നിവ പാലിക്കുന്നതിനും ഇത് നടപ്പിലാക്കുന്നതിന് റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പരിശോധനാ ടീമിനെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ബി | കടിവെള്ളത്തിനായി സ്വന്തം സ്ഥലത്ത് കുഴൽകിണറുകൾ നിർമ്മിക്കുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥർ / ഓഫീസിൽ നിന്നും അനുമതി വാങ്ങേണ്ടതായിട്ടുണ്ടോ; വിശദമാക്കുമോ; | ബി സംസ്ഥാനത്ത് കുഴൽകിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജലവകുപ്പ് പ്രവർത്തിക്കുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം 2011-ലെ അധ്യായം 14, ചട്ടം 93 (എ) അനുസരിച്ച് കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ്. |
| സി | കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് വലിയ , തുക ആവശ്യമായതിനാൽ, ഇതിനായി സബ് സിഡി നൽകുന്നുണ്ടോ; വിശദമാക്കുമോ ? | സി ഭൂജലവകുപ്പിൽ അപേക്ഷിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് ഭൂജല സർവ്വെ നടത്തി ഡ്രില്ലിംഗ് ചാർജ്ജിന്റെ 50 ശതമാനം സബ്സിഡി നിരക്കിൽ കുഴൽ കിണറുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകർ പ്രദേശത്തെ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഇതിനായി ഹാജരാക്കേണ്ടതുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ